**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** — **29-07-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലുള്ള പുരോഗതികൾ വിശദമാക്കാമോ? | (എ) | ആർ.എഫ്.പി. (REQUEST FOR PROPOSAL) -ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021)ഫയൽ ചെയ്തിരുന്നു. ആയത് തള്ളിക്കളഞ്ഞു കൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07.04.2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021)ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ |

| | | | |
|---|---|---|---|
| | | | പാട്ടുള്ളു എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിലും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നിയമ നടപടി ത്വരിതപ്പെടുത്തി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ